**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 710** **06-12-2022 - ൽ മറുപടിയ്ക്ക്**

**വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ മണ്ഡലത്തിലെ താഴേക്കോട്, പുലാമന്തോൾ, പെരിന്തൽമണ്ണ കെ.എസ്.ഇ.ബി. സെക്ഷനുകൾക്ക് കീഴിലെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ ഈ മൂന്ന് സെക്ഷനുകളിലും 2022-23 വർഷത്തെ RDSS, ദ്യുതി പദ്ധതികളിൽ ഉൾപെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പെരിന്തൽമണ്ണ, താഴേക്കോട് പുലാമന്തോൾ സെക്ഷനുകളിലായി RDSS, ദ്യുതി പദ്ധതികളിലായി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി താഴെപറയും പ്രകാരം ഉള്ള വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br><u>പെരിന്തൽമണ്ണ</u>- 4.962 കിലോമീറ്റർ ലൈൻ കൺവെർഷൻ, 3.34 കിലോമീറ്റർ പുതിയ ലൈൻ നിർമാണം, 2 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.<br><br><u>താഴേക്കോട്</u>-35.75 കിലോമീറ്റർ ലൈൻ കൺവെർഷൻ, 1.4 കിലോമീറ്റർ പുതിയ ലൈൻ നിർമാണം, 13 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ.<br><br><u>പുലാമന്തോൾ</u> - 3.711 കിലോമീറ്റർ ലൈൻ കൺവെർഷൻ, 0.570 കിലോമീറ്റർ പുതിയ ലൈൻ നിർമാണം, 18 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ. |

സെക്ഷൻ ഓഫീസർ